**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിലെ അടിവാരം - കേളംമൂല റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊടുവള്ളി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന അടിവാരം - കേളംമൂല റോഡിന്റെ(23.7 കി.മീ) ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | 10/07/2017-ലെ G.O (Rt) No. 942/2017/PWD നമ്പർ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള അടിവാരം - കേളംമൂല റോഡ് (23.7 km) പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 29/08/2019-ന് നിർവ്വഹണ ഏജൻസിയായ (SPV) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് കിഫ്ബി അവലോകനം നടത്തി 23/10/2019-ന് SPV-ക്ക് സാങ്കേതിക അവലോകന റിപ്പോർട്ട് നൽകിയിരുന്നെങ്കിലും, ആയതിന് SPV 14/01/2020-ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ, സാങ്കേതിക അവലോകന റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം പാലിച്ചു കൊണ്ട് കിഫ്ബി നിഷ്കർഷിക്കുന്ന മാതൃകയിലുള്ള DPR സമർപ്പിക്കുവാൻ 29/01/2020-ന് കിഫ്ബി SPV-ക്ക് നിർദ്ദേശം നൽകിയിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിക്കായി 09/02/2018-ന് പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നുവെന്നും, എന്നാൽ കേളംമൂല അടിവാരം റോഡ് കടന്നുപോകുന്ന അടിവാരത്തിനും കാക്കവയലിനും ഇടയിലുള്ള ചില സ്ഥലങ്ങൾ അലൈന്മെന്റിൽ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ബഹു. തിരുവമ്പാടി എം.എൽ.എ 07/02/2022-കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിരുന്നതനുസരിച്ച് ആ ഭാഗം ഉൾപ്പെടുത്തി 10 കിലോ മീറ്റർ റീ-ഇൻവെസ്റ്റിഗേഷൻ നടത്താൻ 18/02/2022-ന് KRFB ഇൻവെസ്റ്റിഗേഷൻ വിങ്ങിനെ ചുമതലപ്പെടുത്തിയതായും, അടിവാരം മുതൽ കണ്ണപ്പൻ കുണ്ട് വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് KRFB–PMU കോഴിക്കോട് ഓഫീസിൽ ലഭിച്ചിട്ടുണ്ട് എന്നും, അടിവാരം മുതൽ കണ്ണപ്പൻ കുണ്ട് |

| | | | |
|---|---|---|---|
| | | | വരെ പുതുക്കിയ അലൈൻമെന്റ് പ്രകാരവും, കണ്ണപ്പൻ കുണ്ട് മുതൽ കേളൻമൂല വരെ പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം അംഗീകരിച്ച അലൈൻമെൻറ് പ്രകാരവുമുള്ള DPR സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്നുമാണ് നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ? | (ബി) | പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടില്ല. പദ്ധതിയുടെ അവലോകനം പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ